# ആവിലായിലെ വിശുദ്ധ അമ്മത്രേസ്യ

അനുസരണം എന്ന പദം നമ്മുടെ ഇടയിൽ നിന്ന് മാഞ്ഞുപോയ്ക്കൊണ്ടിരിക്കുകയാണ്. സ്വാതന്ത്ര്യത്തെ തെറ്റിദ്ധരിക്കുകയും എല്ലാവരും സമന്മാരാണെന്ന് ഉച്ചത്തിൽ പ്രഖ്യാപിക്കുകയും ചെയ്യുന്ന ഒരു സംസ്കാരം വളർന്നുവരുന്നിടത്ത് അനുസരണം എന്ന പുണ്യത്തിന് പ്രാധാന്യം കുറഞ്ഞുവരുന്നു. ആവിലായിലെ അമ്മ ത്രേസ്യ അനുസരണത്തിന്റ പ്രവാചകയായിരുന്നു. അനുസരണത്തിന്റെ മൂശയിൽ വാർത്തെടുത്ത കറതീർന്ന വ്യക്തിത്വത്തിന്റെയും വിശുദ്ധ ജീവിതത്തിന്റെയും ഉടമയായിരുന്നു അവൾ.

സഭയിൽ ഉണർന്നു പ്രശോഭിച്ചൊരു താരമായിരുന്നു അമ്മത്രേസ്യ. ആത്മീയതയുടെ ആഴങ്ങളിലേക്ക് സ്വന്തം ജീവിതത്തെ കൂട്ടിക്കൊണ്ട് പോയതിനാൽ സാധാരണ മനുഷ്യബുദ്ധിക്ക് മനസിലാക്കുവാൻ സാധിക്കാതെ പോയ മഹനീയമായൊരു ജീവിതം. എല്ലാക്കാലത്തിനും ഉൾക്കൊള്ളാൻ സാധിക്കുന്ന ഹൃദയവിശാലതയുടെ മകുടോദാഹരണമായിരുന്നു അമ്മത്രേസ്യ. അസാധാരണമായ പ്രായോഗിക ബുദ്ധിയും അസാധാരണമായ ജ്ഞാനവും പ്രകടിപ്പിച്ച ധീരവനിത. മനുഷ്യബുദ്ധിക്ക് വളരെ എളുപ്പത്തിൽ മനസിലാക്കാനാവാത്ത അനേകം ആത്മീയ രഹസ്യങ്ങൾ സാധാരണ മനുഷ്യന്റെ ജീവിതവിജയത്തിനുതകുന്ന വിധത്തിൽ വ്യാഖ്യാനിച്ചു നൽകുവാൻ അമ്മത്രേസ്യായ്ക്ക് സാധിച്ചിരുന്നു. തന്റെ സഹോദരിമാർക്കുവേണ്ടി സ്വർഗത്തിലേയും ഭൂമിയിലേയും സകലകാര്യങ്ങളും വിവരിച്ചു കൊടുക്കുവാൻ രാവും പകലും പ്രാർത്ഥനയിലും ധ്യാനത്തിലും പ്രേക്ഷിത പ്രവർത്തനങ്ങളിലും മുഴുകിയിരുന്ന ഒരു നല്ല അമ്മയായിരുന്നു അവൾ. കത്തോലിക്കാ വിശ്വാസത്തിൽ നിന്നുകൊണ്ട് അകത്തോലിക്കർക്ക് പോലും മാതൃകയായിത്തീർന്ന വ്യക്തിത്വം. അതിനുള്ള ഉദാഹരണമാണ് ഈഡിത്ത് സ്റ്റെയിൻ. അവൾ ജനിച്ചത് ഒരു യഹൂദകുടുംബത്തിലാണ്. ദൈവത്തിൽ നിന്ന് അകന്ന് തെറ്റായ ഒരു വിശ്വാസത്തിൽ വീണുപോയ വ്യക്തിയായിരുന്നു സ്റ്റെയ്ൻ. ഒരിക്കൽ അമ്മത്രേസ്യയുടെ ജീവചരിത്രം വായിക്കാനിടയായതോടുകൂടി ആത്മീയതയുടെ ആഴങ്ങളിലേക്ക് പ്രയാണം ചെയ്യുകയും കർമ്മലീത്ത സന്യാസഭവനത്തിൽ മാതൃകാപരമായ ജീവിതം നയിക്കുകയും അനേകരെ തന്റെ ജീവിതവും വിശുദ്ധിയും വഴി അവൾ സ്വാധീനിക്കുകയും ചെയ്യുകയുണ്ടായി. അവസാനം ഗ്യാസ് ചേംബറിൽ അഗ്നിക്കിരയായി രക്തസാക്ഷിത്വം വരിക്കുകയും ചെയ്തു. പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമനാണ് ഈഡിത്ത് സ്റ്റെയ്നെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്കുയർത്തിയത്. അങ്ങനെ അനേക വിശുദ്ധർ സഭയിൽ ജന്മമെടുക്കുന്നതിന് അമ്മത്രേസ്യയുടെ ജീവിതം സഹായകമായി.

സ്പെയിനിലെ ആവിലയിൽ 1515 മാർച്ച് 28 നായിരുന്നു അമ്മ ത്രേസ്യയുടെ ജനനം. സഭയ്ക്കെതിരെ ധാരാളം സംഘടനകളും തെറ്റായ പഠനങ്ങളും ഉയർന്നുവന്നിരുന്ന കാലം. കത്തോലിക്കാ സഭയെ ഉത്തരോത്തരം വിശ്വാസത്തിൽ വളർത്തുവാൻ ദൈവം നിയോഗിച്ച വ്യക്തിയായിരുന്നു അമ്മ ത്രേസ്യ. മാർട്ടിൻ ലൂഥർ 'വിശ്വാസത്തിലൂടെ മാത്രമാണ് രക്ഷ കൈവരുന്നത്' എന്ന പ്രഖ്യാപനവുമായി രംഗത്തിറങ്ങിയ വർഷം തന്നെയാണ് അമ്മത്രേസ്യയുടെ ജനനം എന്നത് ദൈവീക പദ്ധതിയുടെ ഭാഗമായിരുന്നിരിക്കണം. ചെറിയ പ്രശ്നങ്ങൾ ഉരുത്തിരിഞ്ഞപ്പോൾ തന്നെ സഭയോടുള്ള അനുസരണം ഉപേക്ഷിച്ച ലൂഥറിനെതിരെ, കഠിനമായ പ്രതിസന്ധികളിലും അനുസരണത്തിന്റെ രക്തസാക്ഷിയായിത്തീർന്നുകൊണ്ടാണ് അമ്മ ത്രേസ്യ യുദ്ധം ചെയ്തത്.

വളരെ വലിയ ഒരു കുടുംബത്തിലായിരുന്നു ത്രേസ്യയുടെ ജനനം. സഹോദരൻ റോഡ്രിഗോയൊടൊപ്പമാണ് കുഞ്ഞുനാളിലെ ഏറെ സമയവും അവൾ ചിലവഴിച്ചിരുന്നത്. കുട്ടികളായിരുന്നപ്പോൾ സഹോദരനും ത്രേസ്യയും കൂടി രക്തസാക്ഷിത്വം വരിച്ച് യേശുവിനുവേണ്ടി

ജീവൻ സമർപ്പിക്കുവാൻ യാത്രയാവുന്ന കഥ ബന്ധുക്കൾ പറഞ്ഞുകേട്ടിട്ടുണ്ട്. വിശ്വാസത്തിനുവേണ്ടി ജീവൻ ബലികഴിച്ചവരുടെ ജീവിതകഥയായിരുന്നു അവരെ അതിന് പ്രചോദിപ്പിച്ചത്. എന്നാൽ പാതിവഴിയിൽ വച്ച് അവരുടെ അമ്മാവൻ അവരെ തടയുകയാണുണ്ടായത്. അങ്ങനെ രക്തസാക്ഷികളാകുവാനുള്ള അവരുടെ യാത്ര പാതിവഴിയിൽ അവസാനിച്ചു. തിരിച്ചെത്തിയപ്പോൾ ശിക്ഷയിൽ നിന്ന് രക്ഷനേടുന്നതിനായി റോഡ്രിഗോ എല്ലാ കുറ്റവും ത്രേസ്യയുടെ ചുമലിൽ വച്ചു.

ഏഴാം വയസുമുതൽ ത്രേസ്യ വിശുദ്ധരുടെ ജീവചരിത്രം ധാരാളമായി വായിക്കുമായിരുന്നു. ത്രേസ്യായ്ക്ക് പതിനാലുവയസുണ്ടായിരുന്നപ്പോൾ അവളുടെ അമ്മ മരിച്ചു. പിന്നീട് ആധുനിക ശാസ്ത്രത്തെക്കുറിച്ചുള്ള പുസ്തകങ്ങളുടെ അതിപ്രസരം ത്രേസ്യയെ വല്ലാതെ സ്വാധീനിച്ചു. ആഡംബര വസ്ത്രധാരണങ്ങളെക്കുറിച്ചും പ്രേമബന്ധങ്ങളെക്കുറിച്ചുമുള്ള വായനകൾ അവളിലെ ആത്മീയ തീക്ഷ്ണതയെ വല്ലാതെ ഉലച്ചു. ത്രേസ്യായ്ക്ക് പതിനഞ്ച് വയസായപ്പോൾ തന്റെ കുട്ടിയിൽ വന്ന ഈ മാറ്റം കണ്ടെത്തിയ പിതാവ് അവളെ ഒരു മഠത്തിൽ താമസിക്കുവാൻ അനുവദിച്ചു. മഠത്തിലെ സന്യാസികളുടെ ജീവിതചര്യകളും സന്തോഷവും അവളെ വല്ലാതെ സ്പർശിച്ചു. സന്യാസത്തെ പതിയെ സ്നേഹിച്ചുതുടങ്ങിയ ആ നാളുകളിൽ, ഏകദേശം ഒന്നരവർഷം കഴിഞ്ഞപ്പോൾ ത്രേസ്യായ്ക്ക് ഗുരുതരമായ ഒരു രോഗം ബാധിച്ചു. അവളുടെ പിതാവ് എത്തി അവളെ സ്വന്തം ഭവനത്തിലേക്ക് കൂട്ടിക്കൊണ്ട് പോവുകയാണുണ്ടായത്. വീട്ടിലെത്തിയപ്പോൾ സന്യാസത്തെക്കുറിച്ച് അവൾ ഗൗരവപൂർവ്വം ചിന്തിക്കുവാൻ തുടങ്ങി.

പക്ഷെ അവളുടെ പിതാവിൽ നിന്ന് അതിനുള്ള അനുവാദം ലഭിക്കണമായിരുന്നു. പിതാവ് സമ്മതിച്ചില്ല. ഞാൻ മരിച്ചതിനുശേഷം നിനക്ക് മഠത്തിൽ പോകാം എന്നായിരുന്നു പിതാവിന്റെ മറുപടി. അടുത്തദിവസം രോഗത്തെ അവഗണിച്ചുകൊണ്ട് അവൾ പിതാവ് തനിക്കുവേണ്ടി ക്രമീകരിച്ചിരുന്ന കർമ്മലീത്ത മഠത്തിലേക്ക് തന്നെ യാത്രയായി. ആ വേർപാട് അതീവവേദനാജനകമായിരുന്നുവെന്നാണ് പിന്നീട് അമ്മത്രേസ്യ എഴുതുന്നത്. അങ്ങനെ യാത്രയായിരുന്നില്ലെങ്കിൽ എന്റെ ഹൃദയം പൊട്ടിപ്പോകുമെന്ന അവസ്ഥയിൽ നിന്നാണ് അത്തരമൊരു കഠിനമായ തീരുമാനം താനെടുത്തതെന്ന് പിന്നീട് ത്രേസ്യ വ്യക്തമാക്കുകയുണ്ടായി. തന്റെ മകൾ പ്രായപൂർത്തിയെത്തിയിരിക്കുന്നുവെന്നും സ്വയം തീരുമാനമെടുക്കുവാൻ പ്രാപ്തയായിയെന്നും മനസിലാക്കിയ ആ പിതാവ് അവളുടെ തീരുമാനത്തെ പിന്നീട് വലിയ കാര്യമായി എതിർത്തില്ല. അന്ന് ത്രേസ്യയ്ക്ക് ഇരുപത് വയസായിരുന്നു. അടുത്ത വർഷം അവൾ വ്രതവാഗ്ദാനം നടത്തിയെങ്കിലും രോഗം ഗുരുതരമായതിനാൽ മഠത്തിൽ നിന്ന് പുറത്തുപോകേണ്ടിവന്നു. എല്ലാ ഡോക്ടർമാരും അവളുടെ രോഗത്തിന്റെ കാരണം കണ്ടെത്താനാവാതെ അവളെ ഉപേക്ഷിച്ചു. എന്നാൽ സ്നേഹമുള്ള അവളുടെ പിതാവ് വീണ്ടും മറ്റൊരു സ്ഥലത്തേക്ക് അവളെ ചികിത്സയ്ക്കായി കൊണ്ടുപോയി. അപ്പോഴൊക്കെ അവളുടെ രോഗം ഗുരുതരമാവുകയും വേദനം കഠിനമാവുകയുമാണുണ്ടായത്.

ഭവനത്തിലായിരുന്ന അവളുടെ കുമ്പസാരം കേൾക്കുവാനായി ഇടയ്ക്കിടക്ക് ഒരു വൈദികൻ വരുമായിരുന്നു. അദ്ദേഹത്തിന് ത്രേസ്യായുടെ വിശുദ്ധിയുടെ ആഴം മനസ്സിലായി. അവളുടെ നന്മ എത്രയോ അധികമാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. അദ്ദേഹം പതിയെ അവളുടെ സ്വർഗീയ ജ്ഞാനത്തിന് മുൻപിൽ തന്റെ ഹൃദയം തുറന്നു. തനിക്ക് വളരെ നാളുകളായി ഒരു സ്ത്രീയുമായി ബന്ധമുണ്ടെന്നും അതിൽ നിന്ന് മോചനം ലഭിക്കുന്നതിനായി പ്രാർത്ഥിക്കണമെന്നും അദ്ദേഹം അവളോട് ആവശ്യപ്പെട്ടു. താൻ വലിയ പാപിയാണെന്നും കൂദാശകൾ അർപ്പിക്കുന്നത് അശുദ്ധമായ കരങ്ങളോടെയാണെന്നും അദ്ദേഹം തുറന്നു പറഞ്ഞു. അവൾ തന്റെ വേദനകൾ അദ്ദേഹത്തിനുവേണ്ടി കാഴ്ചവച്ച് പ്രാർത്ഥിച്ചു. ആ സ്ത്രീ അദ്ദേഹത്തിന് സമ്മാ

നിച്ച മന്ത്രവാദികൾ നൽകിയ ഒരു മാല വൈദികനായ അദ്ദേഹം കഴുത്തിലണിഞ്ഞിരുന്നു. അത് ത്രേസ്യായുടെ കൈയ്യിലേൽപിച്ചു. അവൾ അത് പുഴയിലെറിഞ്ഞുകളഞ്ഞു. ഒരു വർഷത്തിന് ശേഷം ആ വൈദികൻ മരിക്കുമ്പോൾ തിന്മയൊരുക്കിയ സകല കെണികളിൽ നിന്നും അദ്ദേഹം വിമുക്തനായിരുന്നു.

അവളെ ചികിത്സിച്ചിരുന്ന ഡോക്ടറും ഒരു ഭ്രാന്തനെപ്പോലെയാണ് പലപ്പോഴും പെരുമാറിയിരുന്നുത്. അതിലൂടെയും അവൾക്ക് വളരെയധികം സഹിക്കേണ്ടിവന്നു. ഇതറിഞ്ഞപ്പോൾ അവളുടെ പിതാവ് അവളെ ആവിലായിലേക്ക് തന്നെ തിരികെക്കൊണ്ടുവന്നു. അവളുടെ രോഗം വീണ്ടും കൂടി. ശ്വാസകോശസംബന്ധമായ രോഗങ്ങളും ഹൃദ്രോഗവും അവളെ വല്ലാതെ വേദനിപ്പിച്ചു. ഒരു ദിവസം തനിക്ക് കുമ്പസാരിക്കണമെന്ന് അവൾ ആവശ്യപ്പെട്ടു. പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗാരോപണത്തിരുനാളിനുള്ള ഒരുക്കമായിരുന്നുവത്. അവൾ മരിക്കാൻ സമയമായിയെന്ന് കരുതി പിതാവ് അതിന് തയ്യാറായില്ല. അന്ന് രാത്രിയിൽ ത്രേസ്യ അബോധാവസ്ഥയിലായി. പിന്നീട് വൈദ്യപരിശോധനകളിൽ നിന്ന് അവൾ മരിച്ചുപോയെന്ന് വ്യക്തമായി. എന്നാൽ ആ പിതാവ് അവളുടെ പൾസ് പരിശോധിച്ചപ്പോൾ തന്റെ മകൾ മരിച്ചിട്ടില്ലെന്ന് പറയുകയാണുണ്ടായത്. കൂടിയിരുന്ന സന്യാസിനികളും ബന്ധുക്കളും ശരീരം മറവുചെയ്യണമെന്ന് ആവശ്യപ്പെട്ടപ്പോൾ പിതാവ് വിസമ്മതിക്കുകയാണുണ്ടായത്. ഒരു ഭ്രാന്തനെപ്പോലെയാണ് അവളുടെ പിതാവ് പെരുമാറിയത്. അവസാനം സംസ്കരിക്കുവാൻ അദ്ദേഹം സമ്മതിക്കുമെന്ന സ്ഥിതിയിയെത്തിയപ്പോൾ ത്രേസ്യ പെട്ടന്ന് ചാടിയെഴുന്നേറ്റ് ചോദിച്ചു. എന്തിനാണ് എന്നെ തിരികെ വിളിച്ചത്? ആ നിമിഷങ്ങളിൽ അവൾക്കൊരു സ്വർഗീയ ദർശനമുണ്ടായിരുന്നു. തന്നോടൊപ്പമുള്ള സന്യാസിനികളും തന്റെ കുടുംബവും സ്വർഗത്തിലായിരിക്കുന്ന മഹനീയ ദൃശ്യമായിരുന്നുവത്. അതിന് ഏറ്റവും സഹായിച്ചത് അവളുടെ സഹനങ്ങളും വേദനകളുമായിരുന്നു. ആ നിമിഷങ്ങളിൽ അത്ഭുതകരമായ രോഗമുക്തിയുടെ ലക്ഷണങ്ങൾ അവളിൽ കണ്ടുതുടങ്ങി.

പിന്നീട് മഠത്തിലെത്തിയ അമ്മത്രേസ്യയും മറ്റ് സന്യാസിനികളും വിശുദ്ധിയിൽ ഉത്തരോത്തരം വളരുകയായിരുന്നു. എല്ലാം അത്ഭുതകരമായിരുന്നു. രോഗത്തിൽ നിന്നു മോചനവും സന്യാസ ഭവനത്തിലുള്ള പ്രവേശനവും ഒരുമിച്ച് സ്വന്തമാക്കിയ അവൾ മറ്റ് സന്യാസിനികൾക്ക് എന്നും സഹനത്തിന്റെ മാതൃകയായിരുന്നു. എന്നാൽ സന്യാസിനികളെ കാണുവാൻ വരുന്ന സന്ദർശകർ ക്രിസ്തുകേന്ദ്രീകൃതമായ ഒരു ജീവിതം നയിക്കുന്നതിൽ നിന്ന് അവരെ തടയുന്നുവെന്ന് ത്രേസ്യായ്ക്ക് തോന്നി. സന്ദർശകർ നല്ലവരായിരുന്നുവെങ്കിലും സന്യാസികളുടെ ധ്യാനാത്മക ജീവിതത്തിന് അവർ ഭംഗം വരുത്തിയിരുന്നു. മാത്രവുമല്ല പലവിധത്തിലുള്ള അപവാദങ്ങൾ പ്രചരിപ്പിച്ചുകൊണ്ടായിരിക്കും പലപ്പോഴും ഇത്തരം കൂടിക്കാഴ്ചകൾ അവസാനിക്കുക. അങ്ങനെയിരിക്കെ ഒരു ദിവസം ഒരു പൂന്തോട്ടക്കാരന്റെ വേഷത്തിൽ യേശു അവൾക്ക് പ്രത്യക്ഷനായി. അദ്ദേഹം ക്രിസ്തുവായി മാറുന്നത് നഗ്നനേത്രങ്ങൾക്കൊണ്ട് കാണുന്നതിനെക്കാൾ വ്യക്തമായി കണ്ടുവെന്നാണ് അമ്മ ത്രേസ്യ പിന്നീട് പറഞ്ഞത്. സന്യാസികളുടെ ജീവിതം കുറച്ചുകൂടി അടുക്കും ചിട്ടയും പ്രായശ്ചിത്തവും ഉള്ളതാക്കി മാറ്റുന്നതിനെക്കുറിച്ചാണ് യേശു അവളുടെ ഹൃദയത്തോട് സംസാരിച്ചത്.

ലോകത്തെ ഉപേക്ഷിച്ച് തന്നെ പൂർണമായി പിഞ്ചെല്ലാൻ യേശു അവളെ വിളിക്കുകയായിരുന്നു. ആത്മീയ ജീവിതത്തിന്റെ പുരോഗതി എന്തിലാണ് അടങ്ങിയിരിക്കുന്നതെന്ന് അവൾക്ക് കർത്താവ് വെളിപ്പെടുത്തി നൽകുമായിരുന്നു. ലോകവും തന്റെ കുടുംബവുമായുള്ള സകല ബന്ധങ്ങളും ഉപേക്ഷിച്ച് ദിവ്യനാഥനോടുള്ള ധ്യാനാത്മകമായ ഒരു ബന്ധത്തിലേക്ക് പ്രവേശിക്കുവാനുള്ള അതിയായ ആഗ്രഹം അവളുടെ ഹൃദയത്തിൽ ഉദിച്ചു. ദൈവവുമായുള്ള ബന്ധത്തിന് ഒന്നാം സ്ഥാനം നൽകിക്കൊണ്ട് അവൾ എഴുതിയതിനും സംസാരിച്ചതിനും പ്രവർത്തി

ച്ചതിനും പിന്നീട് സ്വർഗം വലിയ പ്രതിഫലമാണ് നൽകിയത്. യേശു ജീവൻ വെടിഞ്ഞത് എനിക്കുവേണ്ടിയായിരുന്നല്ലോ. അവിടുത്തെക്കുറിച്ചോർക്കുമ്പോൾ എന്റെ ശരീരത്തിൽ നിന്ന് ആത്മാവ് വേർപെടുന്ന അനുഭവമാണ് എനിക്കുള്ളത്. അത്രമേൽ ഞാൻ അവിടുത്തെ സ്നേഹിക്കുന്നു. അവളുടെ കൂടെയുണ്ടായിരുന്ന സഹോദരിമാരിൽ പലരും വിവാഹജീവിതം മോഹിച്ച് തിരിച്ചുപോയി. എന്നാൽ നീണ്ട ഇരുപത് വർഷങ്ങൾ ആത്മീയജീവിതത്തിൽ മരവിപ്പുണ്ടായിരുന്നിട്ടും അവൾ പിടിച്ചു നിന്നു. സംശയഗ്രസ്തമായ ഹൃദയം സമ്മാനിച്ച വേദനകളെ ദൈവസ്നേഹത്താൽ നേരിടുവാൻ അവൾ ആ നാളുകളിൽ നന്നേ കഷ്ടപ്പെട്ടു. ആത്മാവിന്റെ ഇരുണ്ട കാലഘട്ടം അമ്മത്രേസ്യായുടെ ജീവിതത്തിൽ വർഷങ്ങളോളം നീണ്ടു. ശാരീരിക വേദനകളും ആത്മീയസംഘർഷവും മാനസിക ക്ലേശങ്ങളും ആ നാളുകളിൽ അമ്മ ത്രേസ്യായെ വല്ലാതെ ഉലച്ചു. എങ്കിലും വൈവകൃപയോട് ചേർന്ന് നിന്ന് അവയെല്ലാം ക്ഷമയോട് അവൾ സഹിച്ചു. അങ്ങനെ വിശ്വസ്തതയ്ക്കുള്ള സമ്മാനമായിട്ടാണ് മഹനീയമായൊരു വിളിനൽകി ദൈവം അവളെ അനുഗ്രഹിച്ചത്. സഭയിൽ പിന്നീട് വലിയൊരു വിശുദ്ധ പിറവിയെടുക്കുകയും ചെയ്തു.

1555 ൽ സന്യാസിനികൾക്ക് ആരോ നമ്മുടെ കർത്താവിന്റെ പീഡാസഹനത്തിന്റെ ഒരു ചിത്രം സമ്മാനിക്കുകയുണ്ടായി. രക്തം വാർന്നൊലിക്കുന്ന ആ രൂപത്തിന് മുന്നിൽ സാഷ്ടാംഗം പ്രണാമം ചെയ്ത് , പാപം ചെയ്യുവാൻ വേണ്ടി , തന്നെ ഈ ലോകത്തിൽ തുടരാൻ അനുവദിക്കരുതേ എന്ന് അവൾ കേണപേക്ഷിച്ചു. പുണ്യത്തിൽ ജീവിക്കുവാനുള്ള അനുഗ്രഹം നൽകാതെ ഞാനിവിടെ നിന്ന് പോവുകയില്ല എന്നു പറഞ്ഞുകൊണ്ടാണ് അവൾ പ്രാർത്ഥിച്ചത്. ഈശോയുടെ പീഡാസഹനങ്ങളെക്കുറിച്ചുള്ള കാഴ്ചകളാണ് അമ്മത്രേസ്യായുടെ ജീവിതത്തെ ആകമാനം മാറ്റിമറിച്ചത്. നമ്മെ സ്നേഹിക്കുന്ന കർത്താവുമായി നടത്തുന്ന സംഭാഷണമാണ് മാനസിക പ്രാർത്ഥന എന്നാണ് അമ്മത്രേസ്യ പറയുന്നത്. ശിഷ്ടകാലം ജീവിതത്തിൽ ദൈവവുമായുള്ള ഉദാത്തമായൊരു സംഭാഷണമായിരുന്നു അമ്മത്രേസ്യായുടെ ജീവിതം.

ഭയം ജനിപ്പിക്കുന്ന ഒരു കാലഘട്ടത്തിലായിരുന്നു അമ്മത്രേസ്യായുടെ ദൗത്യനിർവഹണം. കത്തോലിക്കാസഭയുടെ നേരെ വളരെയേറെ ഭീഷണികൾ ഉയർന്നുവന്നിരുന്ന കാലമായതിനാൽതന്നെ ഏതു തരം നവീകരണപ്രവർത്തനങ്ങളെയും വളരെ വ്യക്തമായി വീക്ഷിച്ചതിന് ശേഷമാണ് വളരുവാൻ അനുവദിച്ചിരുന്നത്. അമ്മ ത്രേസ്യ വിശുദ്ധ ജീവിതം നയിച്ചിരുന്ന വ്യക്തിയായിരുന്നുവെങ്കിലും സഭയിൽ ഉദാത്തമായ ഒരു മാറ്റം കൊണ്ടുവരുവാൻ അവളുടെ പ്രായശ്ചിത്തപ്രവർത്തികൾ മതിയാവില്ലെന്ന് അവൾക്ക് തോന്നി. ദിവ്യകാരുണ്യം മാത്രം ഭക്ഷിച്ചാണ് താൻ ജീവിക്കുന്നതെന്ന വാർത്ത പരന്നിരുന്നുവെങ്കിലും, അമ്മത്രേസ്യായുടെ മുറിയിൽ നിന്ന് ഭക്ഷണപദാർത്ഥങ്ങൾ കണ്ടെത്തിയതോടുകൂടി, അതിശക്തമായ ശിക്ഷണനടപടികളിലേക്ക് കാര്യങ്ങൾ നീങ്ങി. താൻ പിശാചിനെ ആരാധിക്കുന്ന വ്യക്തിയാണെന്നും വർഷങ്ങൾക്ക് മുൻപ് നിരോധിക്കപ്പെട്ട ഒരു സംഘടനയിലെ അംഗമാണ് താനെന്നും ശിക്ഷിക്കാനെത്തിയവരോട് അവൾ പറഞ്ഞു. തന്റെ ശരീരത്തിൽ പൈശാചികമായ പല അടയാളങ്ങളുമുണ്ടെന്നും അവയിൽ ചിലത് പഞ്ചക്ഷതങ്ങളാണെന്ന് തെറ്റിദ്ധരിക്കുവാൻ സാധ്യതയുള്ളതാണെന്നും അവൾ വാദിച്ചു.

അതോടുകൂടി മഹനീയങ്ങളെന്നുകരുതപ്പെട്ടിരുന്ന അവളുടെ പല പുസ്തകങ്ങളും അവൾ കത്തിച്ചുകളഞ്ഞു. സഹോദരങ്ങളും സഹപ്രവർത്തകരും സഭാധികാരികളും അവളെ സംശയദൃഷ്ടിയോടെ വീക്ഷിക്കുവാൻ തുടങ്ങി. എല്ലാവരുടേയും മുൻപിൽ വഞ്ചകിയും തെറ്റുകാരിയുമായി അവൾ ചിത്രികരിക്കപ്പെട്ടു. വരങ്ങളും ദർശനങ്ങളും എല്ലാം പിശാചിന്റെ സഹായത്തോടെ സംഭവിക്കുന്നതാണെന്ന് ലോകം പറയുവാൻ തുടങ്ങി. ആവിലായിൽ മുഴുവൻ പ്രസ്തുത കാര്യങ്ങൾ വാർത്തയായി. ഇതെല്ലാം അവളുടെ പ്രായശ്ചിത്തപ്രവൃത്തികളുടേയും പുണ്യാഭ്യാസനത്തിന്റേയും ഭാഗമായിരുന്നുവെന്നുവേണം കരുതുവാൻ. അത്രമേൽ നിന്ദിക്ക

പ്പെടുവാനും അപമാനിതയാകുവാനും അവൾ തയ്യാറായിരുന്നു. ആ വേദനകളൊക്കെയും ലോകത്തിന്റെ മാനസാന്തരത്തിനുവേണ്ടി അവൾ കാഴ്ചവച്ചു. പുണ്യമുള്ളവളെന്ന് ആരും തന്നെക്കുറിച്ച് പറയരുതെന്നായിരുന്നു അമ്മത്രേസ്യയുടെ ആഗ്രഹം.

ദൈവകൃപയാൽ ഈശോസഭയിൽപെട്ട ഒരു വൈദികൻ ആ നാളുകളിൽ ത്രേസ്യയുടെ കുമ്പസാരം കേൾക്കുവാൻ നിയുക്തനാക്കപ്പെടുകയുണ്ടായി. ത്രേസ്യായുടെ മാനസിക പ്രാർത്ഥനയും ധ്യാനരീതികളും സഭയിൽ വരും കാലത്ത് അനേകർ ഉപയോഗിക്കുമെന്ന് അദ്ദേഹം പ്രവചിക്കുകയുണ്ടായി. മരണം വരെ ദൈവവുമായുള്ള അവളുടെ സ്നേഹസംഭാഷണം അവൾ തുടർന്നുകൊണ്ടിരുന്നു.

രണ്ടുവർഷം കഴിഞ്ഞപ്പോൾ ഒരു ദിവസം പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ ഈശോയുടെ ഹൃദയത്തിലെ മുറിവുകൾ അവൾക്ക് നാഥൻ സമ്മാനമായി നൽകി. ഒരു മാലാഖയെത്തി തീയമ്പുകൊണ്ട് അവളുടെ ഹൃദയത്തിൽ മുറുവുണ്ടാക്കുകയായിരുന്നു. അത്രമേൽ വേദനാജനകമായ ആ മുറിവുകളെക്കുറിച്ചുള്ള അമ്മത്രേസ്യ പറഞ്ഞതിപ്രകാരമാണ്. “ഈശോയുടെ ആ തലോടൽ എന്നെ വേദനിപ്പിച്ചുവെങ്കിലും അവിടത്തോടുള്ള സ്നേഹത്താൽ അന്നുമുതൽ എന്റെ ഹൃദയം ജ്വലിക്കുകയായിരുന്നു. 1559 ലാണ് പ്രസ്തുത സംഭവം നടക്കുന്നത്. ഇത് 1726 ൽ ആ ദിവസത്തെ ബനഡിക്ട് പതിമൂന്നാമൻ പാപ്പ അമ്മത്രേസ്യായ്ക്ക് ഈശോ തന്റെ ഹൃദയം സമ്മാനമായി നൽകിയതിന്റെ ഓർമ്മ സ്ഥാപിക്കുന്നതിനിടയാക്കി. മരണസമയത്ത് അവളുടെ ഹൃദയത്തിന് ആഴത്തിൽ മുറിവേറ്റിരിക്കുന്നത് സകലരും കണ്ട് ബോധ്യപ്പെട്ടു. വർഷങ്ങൾ കഴിഞ്ഞിട്ടും ഈശോയോടുള്ള സ്നേഹത്താൽ ജ്വലിച്ച ആ ഹൃദയം ഇന്നും കേടുകൂടാതെ ഇരിക്കുന്നത് നമ്മെ അത്ഭുതപ്പെടുത്തും. ഈശോയുടെ സ്നേഹത്താൽ മാത്രം സ്പന്ദനം ചെയ്തിരിക്കുന്ന ആ ഹൃദയത്തിന്റെ സാക്ഷ്യം ഇന്നും അനേകരെ വിശ്വാസത്തിലേക്ക് നയിക്കുന്നുണ്ട്.

ഈ സംഭവത്തിന് ശേഷം പലപ്പോഴും അമ്മ ത്രേസ്യ യേശുവിനെ കാണുവാൻ തുടങ്ങി. ദിവ്യകാരുണ്യസ്വീകരണസമയത്തും പ്രാർത്ഥനാ വേളകളിലും അവൾ സാധാരണ വ്യക്തിയെക്കാണുന്നതുപോലെ യേശുവിനെ കാണുമായിരുന്നു. പ്രാർത്ഥനയുടെ നിമിഷങ്ങളിൽ പലപ്പോഴും അവൾ മറ്റൊരു ലോകത്തായിരുന്നു. യേശുവുമായി ദീർഘമായ സംഭാഷണങ്ങൾക്ക് ശേഷമായിരിക്കും അവൾ മടങ്ങി വരിക. ഈ ലോകം അവൾക്ക് പലപ്പോഴും നിലനിൽക്കുന്ന ഒരു യാഥാർത്ഥ്യമായി തോന്നുകയില്ലായിരുന്നു. ഈ ലോകജീവിതകാലത്തുതന്നെ അവൾ പലപ്പോഴും സ്വർഗത്തിലായിരുന്നുവെന്നുവേണം കരുതാൻ. ഈശോയുടെ ഹൃദയമായിരുന്നല്ലോ അവൾക്ക് അവിടുന്ന് നൽകിയിരുന്നത്.

എല്ലാ വേദനകളും സന്തോഷത്തോടെ സഹിച്ച് സഭയ്ക്കും ലോകത്തിനും അനുഗ്രഹപ്രദമായ ജീവിതം നയിക്കുക എന്നത് മാത്രമായിരുന്നു അമ്മത്രേസ്യായുടെ ജീവിത ലക്ഷ്യം. അക്കാലത്ത് തെറ്റായ പഠനങ്ങൾ പ്രചരിപ്പിക്കുന്ന വൈദികരും സന്യസ്തരും പോലും സഭയിലുണ്ടായിരുന്നു. സഭയോട് വിശ്വസ്തത പുലർത്തുന്നുവെന്ന് പറയുമ്പോഴും ശരിയേത് തെറ്റേത് എന്നറിയാതെ കുഴങ്ങുന്ന അനേകർ അക്കാലത്തുണ്ടായിരുന്നു. അമ്മത്രേസ്യായുടെ സ്വർഗീയ കാര്യങ്ങളെക്കുറിച്ചുള്ള എഴുത്തുകളും അക്കൂട്ടത്തിൽ തെറ്റിദ്ധരിക്കപ്പെടുകയായിരുന്നു. അമ്മത്രേസ്യ സ്പാനിഷ് ഭാഷയിലെഴുതിയ എല്ലാ പുസ്തകങ്ങളും അധികാരികൾ അഗ്നിക്കിരയാക്കി. സാധാരണവിശ്വാസികളെ വഴിതെറ്റിക്കുന്നുവെന്നായിരുന്നു ആരോപണം. എല്ലാവരും അവളെ ഉപേക്ഷിച്ചു. സഭയുടേയും സമൂഹത്തിന്റെയും മുൻപിൽ അവൾ ഒരു ചോദ്യചിഹ്നമായി അവശേഷിച്ചു. പൈശാചികബാധയുള്ള കന്യാസ്ത്രീയെന്ന് സകലരും അവളെ മുദ്രകുത്തി. അവൾക്ക് ഏറെ സന്തോഷം പകർന്ന ദിവ്യകാരുണ്യം പോലും കുറച്ചു കാലത്തേക്ക് സ്വീകരിക്കുന്നതിൽ നിന്ന് കുമ്പസാരകൻ അവളെ വിലക്കി. യേശു തന്റെ മുഖം അവളിൽ നിന്ന് പലപ്പോഴും

മറയ്ക്കുന്നതായി അവൾക്ക് തോന്നി. സ്വർഗ്ഗവും ഭൂമിയും കൈവിട്ടുവെന്ന് തോന്നിയ അവസരങ്ങളിൽ പോലും അവൾ നിശബ്ദ പ്രാർത്ഥനയിലായിരുന്നു. സ്വയം എരിഞ്ഞില്ലാതായിത്തീരുന്നതിനും സ്വാർത്ഥതയെ നിശ്ശേഷം അകറ്റിക്കളയുന്നതിനും ദൈവം അനുവദിച്ച സമയങ്ങളായിരിക്കണം അവ. ആത്മാവിന്റെ ഇരുണ്ട രാത്രികളിൽ അവൾ സ്വയം മറന്നുശീലിച്ചു. തന്നോടുതന്നെയുള്ള സ്നേഹം പാടേ മാഞ്ഞുപോയി. വേദനിപ്പിച്ചവർക്കും ദ്രോഹിച്ചവർക്കും വേണ്ടി പ്രാർത്ഥിക്കുവാൻ പഠിച്ചു. ഒരുനാൾ ദിവ്യനാഥൻ പ്രത്യക്ഷനായി അവളോട് പറഞ്ഞു – "ഭയപ്പെടേണ്ട മകളേ. ഈ ലോകം മുഴുവൻ നിന്നെ തള്ളിപ്പറഞ്ഞാലും ഞാൻ നിന്നെ ഉപേക്ഷിക്കുകയില്ല. ധൈര്യമായിരിക്കുക.

അവളെ കുമ്പസാരിപ്പിച്ചിരുന്ന വൈദികൻ പോലും ത്രേസ്യായ്ക്ക് ലഭിക്കുന്ന ദർശനങ്ങൾ പൈശാചികമാണെന്ന് വിധിയെഴുതി. തനിക്ക് ലഭിക്കുന്ന സന്ദേശങ്ങളും ദർശനങ്ങളും ദൈവീകമാണോ അതോ തെറ്റിദ്ധരിപ്പിക്കുവാൻ പിശാച് ഒരുക്കുന്ന കെണികളാണോ എന്ന് ത്രേസ്യ പോലും സംശയിക്കുന്നതിനിടയാക്കി. പക്ഷെ അപ്പോഴൊക്കെ ആത്മീയതയുടെ പടികൾ ഒന്നൊന്നായി അമ്മ ത്രേസ്യ ചവിട്ടിക്കയറുകയായിരുന്നു. കർത്താവിനോട് നേരിട്ട് ഇതിന്റെയൊക്കെയും അർത്ഥം ചോദിക്കുമ്പോൾ കുമ്പസാരകനെ അനുസരിക്കുവാനുള്ള നിർദേശമാണ് കർത്താവ് അവൾക്ക് നൽകിയത്.

അനുസരിക്കുവാൻ ആവശ്യപ്പെടുന്ന സന്ദേശങ്ങൾ തീർച്ചയായും ദൈവികമാണെന്ന് അവൾ തിരിച്ചറിഞ്ഞു. അന്നുമുതൽ ദൈവികസന്ദേശങ്ങളെയും ദർശനങ്ങളെയും അനുസരണത്തിന്റെ ചട്ടക്കൂട്ടിൽ കൊണ്ടുവന്ന് അമ്മത്രേസ്യ പുണ്യം അഭ്യസിച്ചു. പീഢിതയും നിന്ദിതയും തെറ്റിദ്ധരിക്കപ്പെട്ടവളുമായിരുന്നുവെങ്കിലും ഞാൻ ദൈവത്തെ മഹത്വപ്പെടുത്തുവാൻ ഏറെ ഇഷ്ടപ്പെട്ടിരുന്നുവെന്ന അമ്മ ത്രേസ്യായുടെ വാക്കുകൾ എത്രയോ ശ്രേഷ്ഠമാണ്. 'ദൈവത്തെ വിളിക്കുന്നവർക്ക് മുൻപിൽ പിശാച് വിറകൊള്ളും. എനിക്ക് ലഭിക്കുന്ന വെളിപാടുകൾ പൈശാചികമാണെങ്കിൽ, അവയ്ക്കിടയിലൂടെ ഞാനെന്റെ നാഥനെ വിളിക്കുന്നത് കേൾക്കുമ്പോൾ പിശാച് ഓടി മറയില്ലേ. പിശാചിനെക്കാൾ പിശാചിനെ ഭയക്കുന്നവരെയാണ് ഞാൻ പേടിക്കുന്നത്. കാരണം ദൈവത്തെ മറന്നുജീവിക്കുന്നവരാണ് അവർ. ദൈവം കൂടെയുള്ളപ്പോൾ തിന്മയുടെ ശക്തികൾക്ക് നമ്മെ ഒന്നും ചെയ്യാനാവില്ല.

നവീകരണത്തെക്കുറിച്ചുള്ള ചിന്തകൾ അമ്മത്രേസ്യായുടെ ചിന്തയിലേക്ക് കടന്നുവന്നത് സാധാരണ യുവജനങ്ങളും സന്യാസിനികളും ഒരുമിച്ച് പ്രവർത്തിക്കുന്നത് കണ്ടപ്പോഴാണ്. വിശുദ്ധി കാത്തുസൂക്ഷിക്കുവാൻ ആവൃതിയിലേക്ക് കടക്കേണ്ടതിന്റെ അനിവാര്യതയെക്കുറിച്ച് അമ്മത്രേസ്യ ചിന്തിച്ചുതുടങ്ങി. സ്വന്തം ഭവനത്തിൽ തന്നെ നവീകരണം തുടങ്ങണമെന്നതാണ് ദൈവഹിതം എന്ന് അവൾ തിരിച്ചറിഞ്ഞു. വളരെ ദിവസങ്ങൾക്ക് ശേഷം പ്രാർത്ഥനയുടേയും പരിത്യാഗത്തിന്റെയും വെളിച്ചത്തിൽ കർമ്മലീത്തസഭയിലാകമാനം നവീകരണത്തിന്റെ തുടക്കം കുറിക്കുവാൻ കർത്താവ് തന്നെ വിളിക്കുന്നതായി അവൾ തിരിച്ചറിഞ്ഞു. തന്റെ സംരക്ഷകനായ വിശുദ്ധ യൗസേപ്പിന്റെ മാദ്ധ്യസ്ഥതയിൽ ഒരു മഠം സ്ഥാപിച്ചുകൊണ്ടായിരുന്നു തുടക്കം. അതിലുള്ള തന്റെ സന്തോഷം ദിവ്യനാഥൻ വ്യക്തമാക്കിയതോടുകൂടിതന്നെ അമ്മ ത്രേസ്യ നൽകേണ്ടി വരുന്ന വിലയെക്കുറിച്ചും അവളെ അവിടുന്ന് ബോധ്യപ്പെടുത്തി.

നവീകരണത്തിന് മുൻപ് അമ്മ ത്രേസ്യ ഉപയോഗിച്ചിരുന്ന മുറിയിൽ എല്ലാ സൗകര്യങ്ങൾക്കുമുള്ള സ്ഥലമുണ്ടായിരുന്നു. അടുക്കളയും എഴുത്തുമുറിയുമെല്ലാം ഇവിടെയുണ്ടായിരുന്നു. സന്യാസിനികൾക്കെല്ലാം ഈ വലിപ്പത്തിലുള്ള മുറികളാണ് ഉണ്ടായിരുന്നത്. നൂറ്റമ്പതോളം സന്യാസിനികൾ ഈ ഭവനത്തിലുണ്ടായിരുന്നു. പാവപ്പെട്ടവരെന്ന് കരുതുന്ന സന്യാസിനികൾ ഇത്തരം ആഡംബര ജീവിതം നയിക്കുന്നത് അവസാനിപ്പിച്ചുകൊണ്ടായിരുന്നു നവീകരണത്തിന്റെ തുടക്കം. വലിയ മുറികൾ ചെറുതാക്കുകയും പൊതുവായ അടുക്കള സംവിധാനം

നിലവിൽ വരുത്തുകയും ചെയ്തു. അപ്രകാരം ജീവിതചര്യകളിലും താമസത്തിലും മാറ്റം വരുത്തിക്കൊണ്ടാണ് സന്യാസിനികളുടെ നവീകരണം അമ്മത്രേസ്യ ആരംഭിക്കുന്നത്.

ആദ്യമുണ്ടായിരുന്നതിന്റെ മൂന്നിലൊന്നായി സൗകര്യങ്ങൾ ക്രമപ്പെടുത്തി. ഭൗതീക ജീവിതത്തോടുള്ള താല്പര്യം കുറച്ചുകൊണ്ട് മാത്രമേ ആത്മീയ ജീവിതത്തോടുള്ള നമ്മുടെ അഭിരുചി വളർത്തിയെടുക്കാനാവൂ. ഭൗതീക ചിന്തകൾ നിരന്തരം ഭരിക്കുന്ന ഹൃദയത്തിന് ആത്മീയസത്യങ്ങൾ അന്യമായിരിക്കും. സമൂഹജീവിതത്തോടുള്ള സ്നേഹം സന്യാസിനികളിൽ വളർത്തിയെടുക്കുക വഴി പരസ്പരം സ്നേഹിക്കുവാനും നന്മചെയ്യുവാനും അവരെ പ്രാപ്തരാക്കുകയായിരുന്നു അടുത്ത ലക്ഷ്യം. പൊതുവായി കാര്യങ്ങൾ ചെയ്യുവാൻ തുടങ്ങിയതോടുകൂടി ഇതെല്ലാം എളുപ്പമായി. നവീകരണപ്രവർത്തനങ്ങൾ ആരംഭിക്കുമ്പോൾ അമ്മത്രേസ്യായ്ക്ക് നാൽപത്തഞ്ച് വയസ്സായിരുന്നു. പുതിയ മഠങ്ങളുടെ നവീകരണത്തിൽ തനിക്ക് നേരിടേണ്ടി വരുന്ന വലിയ പ്രതിസന്ധികളെ അമ്മത്രേസ്യ തിരിച്ചറിഞ്ഞുതുടങ്ങി.

ഇക്കാലത്ത് മരിച്ചുപോയ ഒരു കുട്ടിക്ക് അമ്മത്രേസ്യായുടെ പ്രാർത്ഥനയുടെ ഫലമായി ജീവൻ ലഭിച്ചു. അത്രമേൽ വിശ്വാസ തീഷ്ണതും ദൈവവുമായുള്ള ബന്ധവും വർഷങ്ങൾ നീണ്ട സന്യാസ ജീവിതത്തിലൂടെ അവൾ ആർജിച്ചിരുന്നു. പിന്നീട് ആവിലായിൽ സാൻ ജോസ് എന്നപേരിൽ ഒരു ഭവനം കൂടി അമ്മത്രേസ്യ ആരംഭിച്ചു. ഇവിടെനിന്നാണ് നവീകരണത്തോട് അനുഭാവം പ്രകടിപ്പിക്കുന്ന അനേകം ഭവനങ്ങൾ തെരേസ ആരംഭിക്കുന്നത്. ദൈവത്തോടുള്ള അനുസരണത്തിന്റെ ഫലങ്ങൾ വരും നാളുകളിൽ വളരെ ശക്തമായിരുന്നു.

വളരെ പരിമിതമായ ജീവിതസൗകര്യങ്ങളാണ് അമ്മത്രേസ്യയ്ക്കുണ്ടായിരുന്നത്. തടികൊണ്ടുണ്ടാക്കിയ ഒരു കട്ടിലും കല്ലുകൊണ്ട് നിർമ്മിച്ച ഒരു എഴുത്തുമേശയും മാത്രം. ഇവിടെയിരുന്നാണ് ആത്മീയ സത്യങ്ങളെക്കുറിച്ച് അവൾ മഹനീയമായി തന്റെ തൂലിക ചലിപ്പിച്ചത്. തന്റെ പ്രായശ്ചിത്തവും പ്രാർത്ഥനയും സഭാമക്കൾക്കുവേണ്ടി കാഴ്ചവച്ചാണ് അവൾ സകലരുടേയും അമ്മയായിത്തീർന്നത്. സ്വന്തം ജീവിത കഥ അവൾ വിവരിക്കുന്നത് ദാസിയുടെ താഴ്മയെ ദൈവം കടാക്ഷിച്ചു എന്ന് പറയുന്ന പരിശുദ്ധ ദൈവമാതാവിന്റെ സ്തുതിഗീതത്തിന് സദൃശ്യമായിട്ടാണ്. സഭാപാരംഗതയായി അവളെ തിരുസഭ ഉയർത്തിക്കാട്ടുമ്പോൾ ദൈവം അവൾക്ക് നൽകിയ അനന്യമായ ജ്ഞാനത്തെ സകലരുടേയും മുൻപിൽ സ്വർഗം ഏറ്റുപറയുകയായിരുന്നു. ശക്തൻമാരെ അവഗണിച്ച് പാവപ്പെട്ടവരെയും എളിമയുള്ളവരെയും ഉയർത്തുന്ന ദൈവത്തിന്റെ കരങ്ങൾ ജീവിതത്തിൽ ദർശിച്ചുവെന്ന ബോധ്യം മാത്രമായിരുന്നു അവളുടെ എഴുത്തുകളിൽ നിറഞ്ഞുനിന്നത്.

സന്യാസിനികൾ ഉപയോഗിച്ചിരുന്ന സംഗീതോപകരണങ്ങളും മറ്റും അവരുടെ പ്രാർത്ഥനകൾക്കും മറ്റുമുണ്ടായിരുന്ന അഭൗമീകമായ ഭംഗിയെയാണ് സൂചിപ്പിക്കുന്നത്. സന്യാസ ജീവിതം മനോഹരമാക്കുന്നതിനുള്ള വഴികളും സഹപ്രവർത്തകകർക്ക് അവൾ പറഞ്ഞുകൊടുത്തിരുന്നു. ക്രിസ്തീയ ജീവിതം സഹനവും വേദനയുമായി തള്ളിനീക്കേണ്ട ഒന്നാണെന്നുള്ള തെറ്റിദ്ധാരണ മാറ്റുന്നതിനും ഹൃദയത്തിൽ നിറഞ്ഞുനിൽക്കുന്ന സന്തോഷത്തിന്റെ ബഹിർസ്ഫുരണമാണതെന്ന് വിളിച്ചോതുന്നതിനും കർമ്മലീത്ത സന്യാസികളെ അമ്മത്രേസ്യ അഭ്യസിപ്പിച്ചു. ദൈവം അമ്മത്രേസ്യായെ മനഹനീയമായ അനേകം കാര്യങ്ങൾ ഏല്പിച്ചു. സ്വീകരണവും തിരസ്കരണവും പ്രത്യാശയും നിരാശയും എല്ലാം ആ ജീവിതത്തിലുണ്ടായിരുന്നു. ദൈവം പറയുന്നതുപോലെയാണ് കാര്യങ്ങൾ ചെയ്യുന്നതെങ്കിലും പ്രതിസന്ധികളെയും പ്രശ്നങ്ങളെയും നമ്മുടെ ജീവിതത്തിലും നേരിടേണ്ടതായി വരാം. എങ്കിലും ദൈവം പറഞ്ഞത് സംഭവിക്കുമെന്ന ഉറച്ച ബോധ്യം നമ്മെ കർമ്മനിരതരാക്കും.

ദിവ്യകാരുണ്യനാഥനോടുള്ള അതിയായ സ്നേഹമാണ് തെരേസയെ ജീവിതത്തിലുടനീളം

മുന്നോട്ട് നയിച്ചത്. പഴയനിയമത്തിലെ പ്രവാചകൻമാരെപ്പോലെ ദൈവം മനുഷ്യനോട് സംസാരിക്കുവാൻ ആഗ്രഹിക്കുന്നുവെന്ന സത്യം സകലരോടും പ്രഘോഷിക്കുകയായിരുന്നു അമ്മ ത്രേസ്യായുടെ ജീവിത ലക്ഷ്യം. അങ്ങനെ സംസാരിക്കുമ്പോൾ അവിടുന്ന് ദൈവികപദ്ധതികൾ നമുക്ക് വെളിപ്പെടുത്തി കിട്ടും. കണ്ണുകൾക്ക് കാണുവാൻ സാധിക്കുന്ന രീതിയിൽ അവിടുന്ന് സന്നിഹിതനായിരിക്കുന്നത് ദിവ്യകാരുണ്യത്തിലാണ്. ജീവിതത്തിൽ യേശുവിനോടൊത്ത് ചിലവഴിക്കാനുള്ള ഏറ്റവും നല്ല അവസരം വിശുദ്ധ കുർബാന സ്വീകരിച്ചതിന് ശേഷമാണെന്ന് അമ്മ ത്രേസ്യ സഹസന്യാസിനികളെ ഉദ്ബോധിപ്പിക്കുമായിരുന്നു.

ഒരിക്കൽ തന്റെ ഭവനത്തിൽ സുന്ദരനായ ഒരു കൊച്ചുകുട്ടിയെ അമ്മ ത്രേസ്യ കാണുവാനിടയായി. ആരാണിത്? കുട്ടി ചോദിച്ചു. ഞാൻ ഉണ്ണീശോയുടെ ത്രേസ്യായാണ്. നീ ആരാണ്? അമ്മ ത്രേസ്യ പുഞ്ചിരിച്ചുകൊണ്ട് തിരികെ ചോദിച്ചു. ഞാൻ ത്രേസ്യായുടെ ഉണ്ണീശോയാണ്. അത്രമേൽ ആഴമുള്ളതായിരുന്നു അവരുടെ ബന്ധം. തന്റെ സന്യാസഭയുടെ പുരുഷവിഭാഗത്തിലേക്കും നവീകരണ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കണമെന്ന് അമ്മത്രേസ്യാക്ക് അതിയായ ആഗ്രഹമുണ്ടായിരുന്നു. ഈ സ്വപ്നം കുരിശിന്റെ വിശുദ്ധ യോഹന്നാനിലൂടെയും മറ്റ് ആത്മീയ മനുഷ്യരിലൂടെയും സാധ്യമാവുകയുണ്ടായി. മനുഷ്യരുടെ കാര്യങ്ങളിൽ ഇടപെടുന്ന ഒരു നല്ല പിതാവായാണ് ദൈവത്തെ അമ്മ ത്രേസ്യ കണ്ടത്. അതിനാൽതന്നെ സകലകാര്യങ്ങൾക്കും വേണ്ടി അവിടുത്തെ സഹായം ചോദിക്കാനും അവൾ മറന്നില്ല. എല്ലാ ആത്മാക്കളിലും വസിക്കുന്ന ദൈവസാന്നിധ്യത്തെക്കുറിച്ചും മഹനീയമായി അമ്മ ത്രേസ്യ വിവരിക്കുന്നുണ്ട്. ഉള്ളിൽ വസിക്കുന്ന ദൈവത്തിന്റെ അടുക്കലേക്കുള്ള പ്രയാണമാണ് മാനസിക പ്രാർത്ഥന. അതിൽ വളരുന്നവർക്ക് ദൈവത്തെ കണ്ടെത്തുക പ്രയാസമല്ല. ദൈവത്തോട് സംസാരിക്കുന്നതിനെയാണ് പ്രാർത്ഥന എന്നുപറയുന്നത്. പ്രാർത്ഥിക്കുക എളുപ്പമാണെങ്കിലും ദൈവത്തെ കണ്ടെത്തുക ജീവിതസാഹചര്യങ്ങളനുസരിച്ച് വ്യത്യസ്തമായിരിക്കും.

സഭയെ ക്രിസ്തുവിന്റെ മണവാട്ടിയെന്നാണ് അമ്മ ത്രേസ്യ വിളിക്കുന്നത്. മഹത്വവും സൗന്ദര്യവുമുള്ള യേശുവിന്റെ വധുവാണ് സഭ. എന്നാൽ തിന്മയ്ക്ക് വശംവദരാകുന്ന സഭാമക്കൾ മണവാട്ടിയെ കളങ്കപ്പെടുത്തുകയാണ് ചെയ്യുന്നത്. ശത്രുവായ പിശാചിനെ കൂട്ടുപിടിച്ച് സ്വന്തം മാതാവിനെ നശിപ്പിക്കുവാൻ ഉദ്യമിക്കുന്നവരാണവർ. തനിക്കെതിരെ ഉയർന്നുവന്ന ഒരനീതിക്കും എതിരെ അവൾ ശബ്ദമുയർത്തിയില്ല. സകലതും പരാതികൂടാതെ സഹിക്കുകയും സഭയുടെ തന്നെ നന്മയ്ക്കായി അവ ദൈവസന്നിധിയിൽ കാഴ്ചവയ്ക്കുകയും ചെയ്തു. മരണം വരെ സഭയെ അതിഗാഢമായി സ്നേഹിച്ചു. വിശ്വസ്തതയും വിശുദ്ധിയും കാത്തുസൂക്ഷിക്കുന്നതിൽ ശ്രദ്ധിക്കുക മാത്രമാണ് അവൾ ചെയ്തത്. സഭാപാരംഗതയായി പ്രഖ്യാപിക്കപ്പെടുമ്പോൾ സഭയെ നവീകരിക്കേണ്ടതെങ്ങനെയെന്ന് വിവേകത്തോടെ കാണിച്ചുതന്നതിന് ദൈവം നൽകിയ പ്രതിഫലമായിരുന്നുവത്. ഈ ഭൂമിയിലെ ഈശോയുടെ ജീവിതകാലത്ത് ആരെയും അവിടുന്ന് മാറ്റിനിറുത്തിയില്ല. വേദനിപ്പിച്ചവരോട് ക്ഷമിച്ചു. സകലർക്കും വേണ്ടി പ്രാർത്ഥിച്ചു. എല്ലാവർക്കും നന്മ വരണമെന്ന് ആഗ്രഹിച്ചു. ആ ജീവിതം സ്വായത്തമാക്കുവാൻ ആഗ്രഹിക്കുകമാത്രമാണ് അമ്മത്രേസ്യ ചെയ്തത്. സഹനങ്ങളും വേദനകളും സ്വയം ഇല്ലാതായിത്തീരുന്നതിനും സ്വാർത്ഥതയെ ഇല്ലായ്മചെയ്യുന്നതിനുമുള്ള മാർഗങ്ങളായി മാത്രമാണ് അമ്മ ത്രേസ്യ കണ്ടത്.

ആൽബേ ഡി ടോർണസിലാണ് അമ്മത്രേസ്യയുടെ അവസാന മഠസ്ഥാപനം നടക്കുന്നത്. അവിടെ പതിനേഴാമത്തെ മഠമാണ് അമ്മത്രേസ്യ സ്ഥാപിച്ചത്. അവിടെയെത്തിയപ്പോഴേക്കും അമ്മത്രേസ്യായുടെ ആരോഗ്യം വളരെ മോശമായിരുന്നു. സെപ്തംബർ 29-ാം തിയതി രോഗബാധിതയായി അമ്മ ത്രേസ്യ കിടപ്പിലായി. 1582 ഒക്ടോബർ മാസം നാലാം തിയതി അറുപത്തിയേഴാമത്തെ വയസ്സിൽ തന്റെ നിത്യസമ്മാനം നേടുവാനായി സ്വർഗീയ ഭവനത്തിലേക്ക്

അമ്മത്രേസ്യ യാത്രയായി. സഭയിൽ നവീകരണവും പുതുജീവനും തുടങ്ങിവച്ച് നല്ല ഓട്ടം പൂർത്തിയാക്കിയായിരുന്നു മടക്കയാത്ര. സഭയോട് സ്നേഹമുള്ള സഭയെ പുനരുദ്ധരിക്കേണ്ട തെങ്ങനെയെന്ന് വിവേകത്തോടെ ധ്യാനിച്ച ധീരവനിത. പരാതിയും പരിഭവവുമില്ലാതെ ദൈവ തൃക്കരങ്ങളിൽ സ്വന്തം ജീവിതം ഭാരമേല്പിച്ച് സമാധാനത്തോടെ ജീവിച്ച്, സന്തോഷത്തോടെ ദിവ്യനാഥന്റെ സവിധത്തിലേക്കവൾ യാത്രയായി. മരണസമയത്ത് ആവിലായിലെ ഭവനത്തിലെ അംഗങ്ങളും ആൽബേ ഡി ടോർണസിലെ അംഗങ്ങളും തമ്മിൽ ആശയക്കുഴപ്പമുണഅടായി. അമ്മത്രേസ്യായുടെ ഭൗതീക ശരീരം എവിടെ സംസ്കരിക്കണമെന്നതിനെച്ചൊല്ലിയായിരുന്നു തർക്കം. ആദ്യം ആവിലായിലെ വിശുദ്ധ യൗസേപ്പിന്റെ നാമത്തിലുള്ള ദേവാലയത്തിലേക്ക് ശരീരം സംവഹിക്കപ്പെട്ടു. അവിടെ ഒൻപത് മാസങ്ങളോളം അത് സൂക്ഷിക്കപ്പെട്ടു. ശേഷം ധാരാളം ചർച്ചകൾക്കൊടുവിൽ അമ്മത്രേസ്യ താൻ മരിക്കുന്നതിന് മുൻപ് തന്നെ സംസ്കരി ക്കണമെന്നാവശ്യപ്പെട്ട ആൽബേ ഡി ടോർണസിലേക്കുതന്നെ ഭൗതികശരീരം കൊണ്ടുവര പ്പെട്ടു. അമ്മത്രേസ്യായുടെ ശരീരം ഇവിടെയാണ് സ്ഥിതിചെയ്യുന്നത്.

നരകം തന്നെയും ഇളകി നിങ്ങളുടെ നേരെ വരുന്നെങ്കിലും നിങ്ങൾ ഭയപ്പെടേണ്ട. യാതൊന്നും നിങ്ങളെ ചഞ്ചലചിത്തരാക്കാതിരിക്കട്ടെ. എല്ലാം കടന്നുപോകും. മാറ്റമില്ലാത്തവ നായി ദൈവം മാത്രമേയുള്ളൂ. ക്ഷമയാണ് എല്ലാ നേട്ടത്തിന്റെയും അടിസ്ഥാനം. ദൈവത്തെ സ്വന്തമാക്കുന്നവർക്ക് യാതൊന്നും നഷ്ടപ്പെടാനില്ല. ദൈവം മാത്രമാണ് ആദ്യവും അവസാ നവും.

1622 ലാണ് അമ്മത്രേസ്യ വിശുദ്ധരുടെ പട്ടികയിലേക്കുയർത്തപ്പെട്ടത്. 1970 ഒക്ടോബർ മാസം നാലാം തിയതി, മരണത്തിന്റെ 388-ാം വാർഷികത്തിൽ സഭാപാരംഗതയായും അമ്മത്രേസ്യ പ്രഖ്യാപിക്കപ്പെട്ടു. സബാ ചരിത്രത്തിൽ രണ്ടേ രണ്ടു സ്ത്രീകൾക്കാണ് ഈ മഹനീയ പദം അലങ്കരിക്കുവാൻ കൃപ ലഭിച്ചിട്ടുള്ളത്.